CYAN MAGENTA YELLOW BLACK



ഫീച്ചർ

കെ.കെ.

# മരുഭൂമികളുടെ വളർച്ച മനുഷ്യരാശിക്കു ഭീഷണി

**ജൂൺ 17 രാജ്യാന്തര മരുഭൂവത്ക്കരണ വിരുദ്ധദിനമായിരുന്നു. മരുഭൂമികൾ പ്രകൃത്യാലുള്ള ആവാസവ്യവസ്ഥയുടെ ഭാഗം തന്നെയാണ്. എന്നാൽ പ്രകൃതിയുടെ സന്തുലിതാവസ്ഥയെ മറന്നുകൊണ്ടുള്ള മനുഷ്യന്റെ പ്രവർത്തനങ്ങൾ പച്ചപ്പു നിറഞ്ഞ ഭൂപ്രദേശങ്ങളെപോലും മരുപ്രദേശങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് രാജ്യാന്തര മരുഭൂവത്ക്കരണ വിരുദ്ധദിനം ആചരിക്കുന്നത്.**

## ചില മരുഭൂ വിശേഷങ്ങൾ

എന്താണു മരുഭൂമി? അവ എങ്ങനെ ഉണ്ടാകുന്നു?

ജീവജാലങ്ങളും ജനവാസവും വിരളമായി മാത്രം കാണപ്പെടുന്നതോ തീരെ ഇല്ലാത്തതോ ആയ അങ്ങേയറ്റം വരണ്ട വിശാലമായ ഭൂപ്രദേശത്തെ നമുക്ക് പൊതുവിൽ മരുഭൂമിയെന്ന് പറയാം. ഭൂമിയിലെ മുഖ്യ ആവാസ വ്യവസ്ഥകളിലൊന്നാണ് ഇത്. ഇവിടെ വളരുന്ന സസ്യങ്ങൾക്കും ജന്തുക്കൾക്കും പരുഷമായ പരിസ്ഥിതി അവസ്ഥകൾക്കനുസരിച്ച് രൂപത്തിലും ആകാരഘടനയിലും ഒട്ടനവധി അനുകൂലനങ്ങൾ ഉണ്ട്.

കരയുടെ മൊത്തം വിസ്തൃതിയുടെ അഞ്ച് ശതമാനം മരുഭൂമിയാണ്. ലോകമൊട്ടാകെ 145 ലക്ഷം ച.കി.മീ. വിസ്തൃതിയിൽ പ്രധാനമായും 22 മരുഭൂമികളാണുള്ളത്. മധ്യ സഹാറ, നമീബിയ, എത്യോപ്യായുടെ തീരദേശം, ചാവുകടലിന്റെ തെക്കെ അറ്റത്തോടു ചേർന്നുകിടക്കുന്ന യെമൻ, സൗദി അറേബ്യയിലെ റബ്-അൽ-ഖഹി, മധ്യേഷ്യയിലെ തക്‌ലാ മക്കൻ, പെറുവിലും ചിലിയിലുമുള്ള അറ്റക്കാമാ മരുഭൂമി, യുഎസിന്റെ തെക്കു പടിഞ്ഞാറൻ ഭാഗങ്ങൾ, മെക്സിക്കോയുടെ വടക്കൻ ഭാഗം എന്നിവയാണ് ഏറ്റവും വരണ്ട പ്രദേശങ്ങൾ.

ഇന്ത്യയിലും പാകിസ്ഥാനിലുമായി വ്യാപിച്ചുകിടക്കുന്ന താർ മരുഭൂമിക്ക് രണ്ട് ലക്ഷം ച.കി.മീ. വിസ്തീർണമുണ്ട്. 100–500 മി.മീ. വാർഷിക മഴ ലഭിക്കുന്ന ഈ മേഖലയിൽ താപനില 50–55° C വരെ ഉയരാറുണ്ട്. 86 ലക്ഷം ച.കി.മീ. വിസ്തീർണമുള്ള സഹാറയും 23 ലക്ഷം ച.കി.മീ. വിസ്തീർണമുള്ള അറേബ്യയുമാണ് ഏറ്റവും വലിയ രണ്ടു മരുഭൂമികൾ.

800–1200 മി.മീ. ൽ കുറച്ചുമാത്രം മഴ ലഭിക്കുന്ന അർധ ഊഷര പ്രദേശങ്ങളും കൂടി ഉൾപ്പെടുത്തിയാൽ ഭൂമിയിൽ കരയുടെ മൂന്നിൽ ഒരു ഭാഗം മരുഭൂമിയാണ്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ സൃഷ്ടിയാണ് മരുഭൂമികൾ. ക്വാർട്ടെനറി യുഗത്തിൽ (കഴിഞ്ഞ 25 ലക്ഷം വർഷത്തിൽ) ആണ് ഇത്തരത്തിലുള്ള പ്രകടമായ മാറ്റങ്ങൾ സംഭവിച്ചത്. ഓക്ക്, ദേവദാരു തുടങ്ങിയ മരങ്ങൾ നിറഞ്ഞ വനങ്ങൾ, തടാകങ്ങൾ, തടാക വ്യൂഹങ്ങൾ, ആർദ്രമായ ചുറ്റുപാടുകൾ ഒക്കെ ഇവിടെ നിലനിന്നിരുന്നു.



താർ മരുഭൂമി



റ്റാർബുഷ് (തെക്കേ അമേരിക്കയിലെ ചിഹ്വാഹൈവൻ മരുഭൂമിയിൽ കൂടുതലായി കാണപ്പെടുന്ന സസ്യം).



അക്കേഷ്യ



മോസ്ക്യൂറ്റ് ബീൻസ്

## ലോകത്തെ ഏറ്റവും വലിയ പത്ത് മരുഭൂമികളും അവയുടെ വിസ്തൃതിയും

| മരുഭൂമി | മേഖല | വിസ്തീർണം (ച:കി.മീ) |
|---|---|---|
| 1. അന്റാർട്ടിക് | അന്റാർട്ടിക്കാ | 1,38,29,430 |
| 2. ആർട്ടിക് | ആർട്ടിക് ബേസിൻ | 1,37,00000 |
| 3. സഹാറ | ആഫ്രിക്ക | 91,00000 |
| 4. അറേബ്യൻ | പശ്ചിമേഷ്യ | 23,30,000 |
| 5. ഗോബി | മംഗോളിയ | 1,30,0000 |
| 6. കലഹാരി | ആഫ്രിക്കയുടെ ദക്ഷിണമേഖല | 9,00000 |
| 7. പാറ്റഗോണിയൻ | അർജന്റീന, ചിലി | 6,70,000 |
| 8. ഗ്രേറ്റ് വിക്ടോറിയ | ഓസ്ട്രേലിയ | 6,47,000 |
| 9. സിറിയൻ | പശ്ചിമേഷ്യ | 5,20,000 |
| 10. ഗ്രേറ്റ് ബാസിൻ | തെക്കേ അമേരിക്ക | 4,92,000 |



അന്റാർട്ടിക് മരുഭൂമി

## മരുഭൂമികൾ ഏഴുതരം

*ആവാസവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മരുഭൂമികളെ പ്രധാനമായും ഏഴായി തരംതിരിക്കാം.*

1. *ശീതമരുഭൂമികൾ (Cold Deserts) :* വടക്കൻ ഏഷ്യയിലും മിക്കവാറും ഉൾപ്രേദേശങ്ങളിലും വടക്കെ അമേരിക്കയിലെ പാർവതങ്ങൾക്കിടയിലുള്ള മേഖലകളിലുമാണ് ഇത്തരം മരുഭൂമികൾ. വേനൽക്കാല താപനില മിതവും ശീതകാല താപനില ശരാശരി 40° C ഉം ആണ്.
2. *കുറ്റിച്ചെടികൾ നിറഞ്ഞ മരുപ്രദേശം (Shrub Deserts):* ഉഷ്ണമേഖലാ മരുഭൂമികളുടെ ഭൂരിഭാഗവും തെക്കൻ സഹാറയിലെ സഹേൽ, തെക്കെ അമേരിക്കയിലെ ചിഹ്വാഹൈവൻ മരുഭൂമി, ആസ്ത്രേലിയാ എന്നിവയും ഇതിലുൾപ്പെടും.
3. *രസഭര സസ്യങ്ങളുള്ള മരുഭൂമി (Stem Succulent Deserts):* ഇവയുടെ വ്യാപ്തി വളരെ പരിമിതമാണ്.
4. *ഓഷധീയ മരുഭൂമികൾ (Herbaceouss Deserts)*
5. *ലവണ മരുഭൂമികൾ (Salt Deserts)*
6. *മണൽക്കൂനകൾ (Sand Dumes)*
7. *നീർച്ചാലുകളും ജല മാർഗങ്ങളും (Wadis and Water Courses)*

വിവിധ മരുഭൂമികളിലെ സസ്യങ്ങളും ജന്തുക്കളും അവയുടെ ഘടനയിലും മറ്റും വ്യത്യസ്തത പുലർത്തുന്നു. ജലം സംരക്ഷിക്കുകയും അത് അല്പമാത്രമായി ഉപയോഗിക്കുകയും ചെയ്യുന്നതിനുപയുക്തമായ രൂപ, സ്വഭാവഗുണങ്ങൾ ഇവയ്ക്കെല്ലാമുണ്ട്.

സസ്യങ്ങൾ ഉയരത്തിൽ വളരാത്തവയാണ്. ഇലകൾ തീരെ ചെറുതോ ഇല തന്നെ ഇല്ലാത്തതോ ആയ ഇവയ്ക്ക് ബഹുഭൂരിപക്ഷത്തിനും മുള്ളുകളുണ്ട്. ചാരം കലർന്ന പച്ചയോ ഇളം പച്ചയോ നിറമാണ് പൊതുവിലുള്ളത്. വ്യാപകമായ വേരുപടലവും സസ്യസ്വേദനം പരമാവധി കുറയ്ക്കുന്നതിന് മെഴുക് ആവരണവും ഇവയ്ക്കുണ്ട്.

ജന്തുസമൂഹത്തിൽ ഷട്പദങ്ങൾ, ഉരഗങ്ങൾ, പക്ഷികൾ, കരണ്ടുതീനികൾ എന്നിവയും ഏതാനും വലിയ സസ്തനികളും അടങ്ങുന്നു. കരണ്ടുതീനികളിൽ രാത്രിസഞ്ചാരസ്വഭാവം പ്രകടമാണ്. മിക്ക മരുപ്പക്ഷികളും ഉരഗങ്ങളും പകൽ സഞ്ചാരികളാണ്. അവ ജലം ലഭിക്കുമ്പോൾ കുടിക്കും. അല്ലാത്തപക്ഷം രസഭരസസ്യങ്ങൾ ഭക്ഷിക്കും.

## മരുഭൂവത്ക്കരണം

മരുഭൂമിയുടെ പരിസ്ഥിതി സവിശേഷതകൾ ഊഷര പ്രദേശങ്ങളിലേക്കും അർധ ഊഷര പ്രദേശങ്ങളിലേക്കും കടന്നുകയറുന്നതിന് പൊതുവിൽ മരുഭൂവത്ക്കരണം എന്നുപറയുന്നു. കാലാവസ്ഥാ മാറ്റങ്ങളോ മനുഷ്യന്റെ സ്വാധീനങ്ങളോ രണ്ടും കൂടിയോ ഇതിനു കാരണമാകാം. ഊഷരതയിലേക്ക് നയിക്കുന്ന ദീർഘനാളത്തെ കാലാവസ്ഥാ മാറ്റങ്ങൾക്ക് നിദാനം ഏറെ നാളത്തേക്ക് ഉയർന്ന താപനില നിലനില്ക്കുന്നതും കടുത്ത വരൾച്ചയും ആകാം. സസ്യലതാദികൾ നശിപ്പിക്കൽ, കടുംകൃഷി, ഉപരിതല ജലവും ഭൂഗർഭജലവും ലഭിക്കുന്ന സ്രോതസ്സുകൾ വറ്റുന്നതിന് ഇടയാക്കൽ, തുണ്ടുഭൂമികളിലെ ഖനനം എന്നിവവഴി ജീവപരിസ്ഥിതിക്ക് ശോഷണം വരുത്തുന്ന പ്രവർത്തനങ്ങളാണ് കാലാവസ്ഥാമാറ്റത്തിനിടയാക്കുന്ന മനുഷ്യ സ്വാധീനങ്ങൾ. മരുഭൂമികൾ കൂടുതൽ കൂടുതൽ വളരാനിടയാക്കുന്നത് മനുഷ്യരാശിക്കു തന്നെ ഭീഷണിയായിരിക്കും.

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



ചരിത്രം

ഡോ.വെളുത്താട്ടു കേശവൻ

# ചരിത്രരചനയിലെ പ്രതിബന്ധങ്ങൾ

കേരള ചരിത്രരചനയ്ക്ക് ഒരു ആമുഖം

1

"പ്രാചീനഭാരതത്തിൽ ഒരു ഹെറോഡോട്ടസ്സോ തൂസിഡൈഡിസ്സോ ഉണ്ടായിട്ടില്ല..." എന്നാരംഭിക്കുന്ന ഒരു നെടുങ്കൻ ഉദ്ധരണിയോടെയാണ്, മറ്റേതൊരു മൂന്നാം തരം ഇന്ത്യാ ചരിത്ര പാഠപുസ്തകങ്ങളെയും പോലെ കേരളചരിത്രത്തിന്റെ ഏറ്റവും പ്രചാരമുള്ള പാഠപുസ്തകത്തിന്റെയും തുടക്കം. ചരിത്രരചനയ്ക്കുള്ള സാമഗ്രികളുടെ ഇല്ലായ്മയെയും പോരായ്മയെയും കുറിച്ചുള്ള പരാതിക്കാമുഖമായാണ്, ഈ പ്രസ്താവന. ഇതിലത്ഭുതമില്ല. ഈ പാഠപുസ്തകങ്ങൾ രചിച്ചവരാരും തന്നെ പ്രാഥമികപ്രമാണങ്ങളുപയോഗിച്ച് ചരിത്രരചനയ്ക്കു തുനിഞ്ഞിട്ടില്ലാത്തവരാണെന്നതുതന്നെ കാരണം.

പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് കൊളോണിയൽ മേധാവികൾ ഇന്ത്യയെക്കുറിച്ചെഴുതിവച്ച ചരിത്രനിരാസപരമായ പ്രസ്താവനകൾ ഇവരും ആവർത്തിച്ചുപോന്നുവെന്നു മാത്രം. എന്നാൽ സ്വയം പ്രമാണങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു ചരിത്രരചന നടത്തുകയും അതിൽനിന്നും അർത്ഥപൂർണമായ നിഗമനങ്ങളിലെത്തുകയും ചെയ്തിട്ടുള്ള കേരളചരിത്രകാരന്മാരാരും ഇന്ന് ഈ അഭിപ്രായം പങ്കുവയ്ക്കുന്നവരാവില്ല.

പ്രമാണങ്ങളുടെ അഭാവമല്ല, അവ കൈകാര്യം ചെയ്യുന്നതിലെ അവിദഗ്ധതയാണ് കേരള ചരിത്രരചനാരംഗത്തെ വലിയ ഒരു ബുദ്ധിമുട്ട്. അതേപോലെ ചരിത്രമെന്ന വിജ്ഞാനശാഖയിലെ പുത്തൻ രീതികൾ മനസ്സിലാവാതെ, അവയുടെ പ്രയോക്താക്കളോട് ഒരു തരം അസഹിഷ്ണുത വച്ചുപുലർത്തുന്നവരുടെ ദുർവാശിയും മറ്റൊരു കാരണമാണ്. ഇതുരണ്ടും ചരിത്രസാമഗ്രികളുടെ ദോഷമല്ലല്ലോ?

പ്രമാണങ്ങളുടെ അഭാവമല്ല, അവ കൈകാര്യം ചെയ്യുന്നതിലെ അവിദഗ്ധതയാണ് കേരള ചരിത്രരചനാരംഗത്തെ വലിയ ഒരു ബുദ്ധിമുട്ട്. അതേപോലെ ചരിത്രമെന്ന വിജ്ഞാനശാഖയിലെ പുത്തൻ രീതികൾ മനസ്സിലാവാതെ, അവയുടെ പ്രയോക്താക്കളോട് ഒരു തരം അസഹിഷ്ണുത വച്ചുപുലർത്തുന്നവരുടെ ദുർവാശിയും മറ്റൊരു കാരണമാണ്. ഇതുരണ്ടും ചരിത്രസാമഗ്രികളുടെ ദോഷമല്ലല്ലോ?

ഭൂതകാലം എത്രത്തോളം അജ്ഞാതമാണ് എന്നത് വലിയൊരു ദാർശനിക പ്രശ്നമാണ്. അങ്ങോട്ടൊന്നും പോവാതെ ഉന്നയിക്കേണ്ട മറ്റൊരു പ്രശ്നമാണ്, ഭൂതകാലത്തിന്റെ വിവിധ ഘട്ടങ്ങളിലേതിനെക്കുറിച്ചൊക്കെ, എത്രമാത്രം, അറിയാൻ വേണ്ടുന്ന തെളിവുകൾ ലഭ്യമാണെന്നത്. കുറച്ചൊക്കെ കല്പിച്ചുകൂട്ടിയും ഏറെയും അബോധപൂർവമായും ഭൂതകാലം ബാക്കിയാക്കിപ്പോയ ശകലങ്ങളെ വിമർശനാത്മകമായ ചിന്തയുടെയും സർഗാത്മകമായ ഭാവനയുടെയും സഹായത്തോടെ വ്യാഖ്യാനിച്ചുകൊണ്ട്, ചരിത്രകാരൻ ചരിത്രമെഴുതുന്നത് ഏതു സമൂഹത്തിന്റെ കാര്യത്തിലും പ്രസക്തമാണ്, അത്തരമൊരു ചിത്രത്തിന്റെ പൂർണതയെക്കുറിച്ചുള്ള പ്രശ്നം. ഈ പ്രസക്തിയുടെ ഏറ്റക്കുറിച്ചിൽ അളവിന്റെ കാര്യത്തിലും ഗുണനിലവാരത്തിന്റെ കാര്യത്തിലും ശരിയാണ്- രചനാസാമഗ്രികൾ മാത്രം നിശ്ചയിക്കുന്ന ഒന്നല്ല അത്. ചരിത്രകാരനും അയാളുടെ തെളിവുകളും തമ്മിലുള്ള നിരന്തര ബന്ധമെന്നൊക്കെ പറയാറില്ലേ, അതിലൊരു കക്ഷിയെ മാത്രം ഒറ്റയ്ക്കെടുത്ത് ഒരു മൂല്യനിർണയം നടത്താനാവില്ല.

പ്രമാണസാമഗ്രികളുപയോഗിച്ച് ഭൂതകാലത്തെ പുനർനിർമിക്കുന്ന ചരിത്രരചനാരീതി താരതമ്യേന നവീനമാണ്. ചരിത്രരചനയുടെ ചരിത്രത്തിൽ വിഖ്യാതമായ "ബെർലിൻ വിപ്ലവ"ത്തോടെയാണ്, പാശ്ചാത്യസംസ്കൃതിയിൽ ഇതു തുടങ്ങുന്നത്. സംഭവിച്ചത് അതേപടി വിവരിക്കലാണ് ചരിത്രകാരൻ ചെയ്യേണ്ടതെന്ന് ഈ "വിപ്ലവ"ത്തിന്റെ ആചാര്യനായ ഫോൺ റങ്ക് വിശ്വസിച്ചു. ഈ പദ്ധതിയിൽ സമകാലിക പ്രമാണങ്ങളുടെ പ്രാധാന്യം ഏതാണ്ട് പ്രഥമം തന്നെയായിരുന്നു.

ഇവിടെ പ്രസക്തമായ മറ്റൊരു ചോദ്യം, ഏതൊക്കെ സാമഗ്രികൾ ചരിത്രരചനയ്ക്ക് ഉപയോഗിക്കാമെന്നതാണ്. ഇതിലൊരു തീരുമാനമെടുക്കാൻ വസ്തുനിഷ്ഠമായ മാർഗങ്ങളൊന്നുമില്ലെന്നുവേണം പറയാൻ. ചരിത്രകാരൻ പഠിക്കുന്ന പ്രശ്നത്തിന്റെ സ്വഭാവവും അയാളുടെ സമീപനരീതിയും അനുസരിച്ച് പ്രമാണങ്ങളുടെ നിലയിലും മാറ്റം വരും. ഒരാളുടെ അത്യാവശ്യം മറ്റൊരാൾക്ക് അനാവശ്യമാവും-അതേപോലെ തന്നെയാണ് പ്രമാണങ്ങളുടെ സ്വീകാര്യ-അസ്വീകാര്യതകളും, പ്രാഥമിക-ദ്വൈതീയീകതകളും.

രാജവംശങ്ങളുടെയും യുദ്ധങ്ങളുടെയും ചരിത്രമെഴുതിയ പൂർവസൂരികൾ ഗ്രാമസഭകൾ അവിരോധത്താൽ ചെയ്ത വ്യവസ്ഥകൾക്ക് ഒരു പ്രാധാന്യവും കല്പിച്ചിരുന്നില്ലെന്ന് ദക്ഷിണേന്ത്യാ ചരിത്രം പഠിച്ചവർക്കെല്ലാമറിയാം. ഒരു കാഴ്ചപ്പാട് മറ്റൊന്നിനെക്കാൾ മുന്തിയതാണെന്ന് ഇതിനർത്ഥമില്ല. എന്നാൽ അവ വ്യത്യസ്തമാണെന്ന് മനസ്സിലാക്കാതെ പോവരുത്.

ഇതിൽനിന്നൊക്കെ വന്നുകൂടുന്നത്, വസ്തുനിഷ്ഠമായ വിധത്തിൽ കേരളചരിത്ര രചനാ സാമഗ്രികളെ അക്കമിട്ടു നിരത്താൻ വഴിയൊന്നുമില്ലെന്നാണല്ലോ. ഇവിടെ രണ്ടു സാധ്യതകളുണ്ട്. ഒന്നുകിൽ ചരിത്ര സാമഗ്രികളെന്ന് "സർവസമ്മത"മായവയെ ആശ്രയിക്കുക. അല്ലെങ്കിൽ ചരിത്രരചനാ സാമഗ്രികളെ വർഗീകരിച്ച് അവയിലോരോന്നിനെയും എങ്ങനെ സമീപിക്കാമെന്നു നിശ്ചയിക്കുക. ഇതിൽ രണ്ടാമത്തേതിനാണ് ഇവിടെ മുതിരുന്നത്. പതിനഞ്ചാം നൂറ്റാണ്ടിന്റെ കൂടെ അവസാനിക്കുന്ന പ്രാചീന-മധ്യകാലങ്ങളിലൊതുങ്ങിനില്ക്കുന്നു, ഈ ചർച്ചയുടെ വ്യാപ്തി.

പ്രാചീന ഭാരതത്തിലെ ചരിത്രരചനാ പാരമ്പര്യം പ്രമാണബദ്ധമായിരുന്നുവെന്നു പറഞ്ഞുകൂടാ. വേദങ്ങളിലെ ഗാഥാ-നാരശംസികളിലും മലയാളത്തിന്റെ തോറ്റംപാട്ടുകളിലും മറ്റുമുള്ള ഉത്പത്തികഥകൾ അതതു സമൂഹം താന്താങ്ങളുടെ ഭൂതകാലത്തെ എങ്ങനെ നോക്കിക്കണ്ടുവെന്നു കാണിക്കുന്നു. ഇത് ചരിത്രം തന്നെ. എങ്കിലും ഈ ചരിത്രങ്ങൾ ഉപജീവിച്ചിട്ടുള്ള പ്രമാണങ്ങൾ ഏതൊക്കെയാണെന്നു ചോദിച്ചാൽ അതിനുള്ള ഉത്തരം കിട്ടിയെന്നു വരില്ല.

കേരളത്തിനവകാശപ്പെടാവുന്ന ചരിത്രപാരമ്പര്യത്തിന്റെ നിദർശനങ്ങളായ പതിറ്റുപ്പത്തിനോ മറ്റു തമിഴ്പാട്ടുകൾക്കോ മൂഷികവംശത്തിനോ കേരളോല്പത്തിയ്ക്കോ ഒന്നും ഇത്തരത്തിൽ പ്രമാണാധിഷ്ഠിതത്ത്വമുണ്ടെന്നു പറഞ്ഞുകൂടാ. അതുകൊണ്ട് അവയ്ക്കെന്തെങ്കിലും തരക്കേടുണ്ടെന്നല്ല. ചരിത്രകാരന്മാർ കാലാകാലങ്ങളായി ഉപയോഗിച്ച പ്രമാണങ്ങൾ ചർച്ച ചെയ്യുമ്പോൾ ഈ പാരമ്പര്യമുപജീവിച്ച പ്രമാണ സാമഗ്രികളെക്കുറിച്ച് എന്തെങ്കിലും പറയാനാവില്ലെന്നു മാത്രം.

പ്രമാണസാമഗ്രികളുപയോഗിച്ച് ഭൂതകാലത്തെ പുനർനിർമിക്കുന്ന ചരിത്രരചനാരീതി താരതമ്യേന നവീനമാണ്. ചരിത്രരചനയുടെ ചരിത്രത്തിൽ വിഖ്യാതമായ "ബെർലിൻ വിപ്ലവ"ത്തോടെയാണ്, പാശ്ചാത്യസംസ്കൃതിയിൽ ഇതു തുടങ്ങുന്നത്. സംഭവിച്ചത് അതേപടി വിവരിക്കലാണ് ചരിത്രകാരൻ ചെയ്യേണ്ടതെന്ന് ഈ "വിപ്ലവ"ത്തിന്റെ ആചാര്യനായ ഫോൺ റങ്ക് വിശ്വസിച്ചു. ഈ പദ്ധതിയിൽ സമകാലിക പ്രമാണങ്ങളുടെ പ്രാധാന്യം ഏതാണ്ട് പ്രഥമം തന്നെയായിരുന്നു.

ഒരു പ്രമാണം പ്രകീർണവിഷയത്തോട് എത്രത്തോളം അടുത്തുനില്ക്കുന്നുവോ അത്രത്തോളം ആധികാരികമാണതെന്ന് ആ പദ്ധതിക്കാർ വിശ്വസിച്ചു. ആധുനിക രീതിയിൽ ഭാരതചരിത്രരചനയാരംഭിച്ച പാശ്ചാത്യപണ്ഡിതന്മാർ ഈ പദ്ധതി പിൻതുടർന്നവരാണ്. കേരളചരിത്രമെഴുതിയ ആദ്യകാലപണ്ഡിതന്മാരായ ഗുണ്ടർട്ട്, ലോഗൻ മുതലായവർ ഈ പാരമ്പര്യം തുടർന്നുപോന്നു. കേരളചരിത്രരചനയ്ക്കുവേണ്ടിയുള്ള സമകാലിക പ്രമാണങ്ങൾക്കു വേണ്ടിയുള്ള അന്വേഷണം ഇവിടെ തുടങ്ങുന്നു.

*(തുടരും)*



*കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ സെക്രട്ടറിയും അങ്കമാലി നിയോജകമണ്ഡലം യുഡിഎഫ് ചെയർമാനുമായിരുന്ന അന്തരിച്ച ഡി.വർഗീസിന്റെ ഫോട്ടോ മലയാറ്റൂർ-നീലീശ്വരം മണ്ഡലം കമ്മിറ്റി ഓഫീസിൽ പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് അനാച്ഛാദനം ചെയ്യുന്നു. യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.മുഹമ്മദ് ഇക്ബാൽ, പാർട്ടി ജില്ലാ സെക്രട്ടറിമാരായ എൻ.സി.ചെറിയാൻ, ബേബി വി.മുണ്ടാടൻ, യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന കമ്മിറ്റി അംഗം ആന്റണി കിടങ്ങേൽ എന്നിവർ സമീപം.*

CYAN MAGENTA YELLOW BLACK

നാരദൻ

# പതിമൂന്നാം പേജ്

## വിമോചനസമരത്തെ പേടിയുണ്ട്

വിമോചനസമരം എന്നു കേൾക്കുമ്പോൾ ആർക്കാണു പേടി? വിശ്വാസിക്കു പേടിക്കേണ്ട കാര്യമില്ലെന്നറിയാം. പക്ഷേ, അവിശ്വാസികളായ കമ്യൂണിസ്റ്റു മാർക്സിസ്റ്റുകൾക്ക് എന്തോ പേടിയുള്ളതുപോലെ. ഒരു സന്തോഷത്തിന് വിമോചനസമരത്തിന്റെ അമ്പതാം വാർഷികം അതിനു വേണ്ടപ്പെട്ടവർ ഈയിടെ ആഘോഷിച്ചു. ഒരു രണ്ടാം വിമോചനസമരത്തിനുള്ള സാഹചര്യം കേരളത്തിൽ ഇപ്പോൾ നിലവിലുണ്ടെങ്കിലും അതിനൊന്നും മുതിരുന്നില്ലെങ്കിലും ആരും പേടിക്കേണ്ടെന്നും പിതാക്കന്മാരും നേതാക്കന്മാരുമൊക്കെ പറഞ്ഞെങ്കിലും ചിലർക്കൊന്നുമതു പിടിച്ചില്ല.



വിമോചനസമരമെന്ന വാക്കേ ഉച്ചരിക്കാൻ പാടില്ലെന്നാണ് തോമസ് ഐസക്കിനെപ്പോലുള്ള പണ്ഡിതന്മാർ വരെ വല്ലാത്ത അസ്വസ്ഥതയോടെ വിറകൊണ്ടത്. ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ ഇ.എം.എസിന്റെ ജന്മശതാബ്ദിയും വിമോചനസമരത്തിന്റെ അമ്പതാം വാർഷികവും ഒരുമിച്ചു വന്നു. അതാരുടെ കുറ്റം? പറഞ്ഞിട്ടു കാര്യമില്ല, പാർട്ടി ആകെ പേടിച്ചിരിക്കയാണ്. ഒരു പേടി വന്നാൽ അങ്ങനെയാണ്. എല്ലാറ്റിനോടും പേടിയാകും. ഞെട്ടലും വിറയലുമൊക്കെ ഉണ്ടാകും. പോരാത്തതിന് മരിച്ച മഹാന്റെ ജന്മശതാബ്ദി വർഷത്തിൽ ജീവിച്ചിരിക്കുന്ന നേതാക്കന്മാർക്ക് ഒരുമിച്ചു നില്ക്കാൻ വയ്യാത്ത അവസ്ഥ. എങ്ങനെ പേടിക്കാതിരിക്കും? ഇനി വല്ല 'അഭിവന്ദ്യന്മാരും' തലയ്ക്കു പിടിക്കാതെ കാര്യങ്ങൾ നേരെയാകുമെന്നു തോന്നുന്നില്ല.

പ്രത്യേകം ഓർക്കുക, വിമോചനസമരത്തെ എതിർക്കുന്നതു വിശ്വാസികളോടുള്ള പിണക്കം കൊണ്ടല്ല, വെറും പേടികൊണ്ടാണ്. ഓരോരുത്തർക്കും ഓരോ പേടിയല്ലേ? എന്നാലും, സ്വർഗത്തിലും നരകത്തിലുമൊന്നും വിശ്വാസമില്ലാത്ത കേമന്മാർ കേവലം വിമോചനസമരമെന്ന പദത്തെ വെറുതെ പേടിക്കുന്നല്ലോയെന്നോർക്കുമ്പോൾ നാരദന് ചിരിവരുന്നു!

## വിശ്വാസികളേ കേൾപ്പിൻ



സമയമില്ലാഞ്ഞിട്ടോ സമയം കഴിഞ്ഞിട്ടോ എന്നറിയില്ല, വിശ്വാസികളുമായി ഇനി ഒരു പോരിനുമില്ലെന്നാണു നമ്മുടെ പ്രിയ സഖാവ് പിണറായി വിജയൻ വിനയപുരസ്സരം വെളിപ്പെടുത്തിയിരിക്കുന്നത്. ഏതു വിശ്വാസിക്കും – അച്ചനും കപ്യാരും മെത്രാനും കന്യാസ്ത്രീയും ഉൾപ്പടെ – ഇനി അവിടത്തെ സവിധത്തിലേക്കു കടന്നുചെല്ലാം. അദ്ദേഹം അവരെ ആശ്വസിപ്പിക്കും.

കേട്ടാൽ വിശ്വസിക്കാൻ തോന്നുന്നില്ല. മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു 'അഭിവന്ദ്യന്റെ'യും ആശിർവാദം വേണ്ടെന്നു പറഞ്ഞ പാർട്ടിയാണ്. ചില 'നികൃഷ്ടജീവി'കളൊഴിച്ചു ബാക്കിയുള്ളവർക്കൊക്കെ പാർട്ടിയെ ബല്യകാര്യമാണെന്നും വമ്പുപറയാൻ മടിച്ചിട്ടില്ല. ഇപ്പോൾ പിന്നെ വിശ്വാസികളെ ഒന്നു കെട്ടിപ്പിടിക്കാതെ ഉറക്കം വരില്ലെന്ന അവസ്ഥ എങ്ങനെ വന്നുചേർന്നു?

മാർക്സിസ്റ്റുകാരനെങ്കിലും മനുഷ്യനല്ലേ, എപ്പോൾ വേണമെങ്കിലും മാനസാന്തരം വന്നു ചേരാം. അച്ചന്മാരെയും കന്യാസ്ത്രീകളെയും നാലു ചീത്തപറഞ്ഞാൽ അല്മേനി കൂടെപ്പോരുമെന്നായിരുന്നു സഖാവു കരുതിയിരുന്നത്. അതങ്ങനെയല്ലെന്നു തിരഞ്ഞെടുപ്പുഫലം തെളിയിച്ചു. മെത്രാനെയും അച്ചനെയുമൊക്കെ നന്നാക്കുന്ന പണി തങ്ങൾതന്നെ ചെയ്തോളം എന്നു വിശ്വാസി ഉറക്കെപ്പറയാതെ തന്നെ പഠിപ്പിച്ചുകൊടുത്തു. എന്തു വേണ്ടി? നന്നാക്കലും വൃത്തിയാക്കലുമൊക്കെ പാർട്ടിയിൽ മതിയെന്നു പിണറായിക്കു ബോധ്യമായി!

# മൊഴിയും മറുമൊഴിയും

### ചാണക്യൻ

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രസവത്തിനെത്തുന്നവർക്കുവേണ്ട രക്തം അടുത്ത മാസം 15 മുതൽ സൗജന്യമായി നല്കുമെന്നു മന്ത്രി പി.കെ.ശ്രീമതി.

➢ **ഈ ചോരയിൽ നിന്നാവുമോ ശ്രീമതീ നമ്മുടെ പാർട്ടി ഇനി ഉയിർത്തെണീല്ക്കുക?**

* * * * *

വി.എസ്. അച്യുതാനന്ദനെതിരെ പ്രസംഗിച്ചതിനു സുകുമാർ അഴീക്കോടിന്റെ കോലം കത്തിച്ച എസ്.എഫ്.ഐ നേതാവിനെ പിണറായി വിഭാഗം ക്ലാസിൽ നിന്നു വിളിച്ചിറക്കി മർദിച്ചു.

*– തൃശൂർ വാർത്ത*

➢ **ഒന്നും തോന്നരുത്, ലെനിനിസ്റ്റുതത്ത്വം പാലിക്കാനാണ് ഇത്തരം നടപടികൾ.**

* * * * *

ലാവ്‌ലിൻ കേസിൽ പാർട്ടിക്കെതിരെ നിസംഗരായിരിക്കുന്നവരും ഇത്തരം പ്രചാരണങ്ങളെ താത്പര്യത്തോടെ കാണുന്നവരും സി.പി.എമ്മിന്റെ ശത്രുക്കളാണെന്ന് ഇടതുമുന്നണി കൺവീനർ വൈക്കം വിശ്വൻ.

➢ **ഒരാളോടു വിരോധമുണ്ടെന്നു കരുതി എല്ലാവരെയും ശത്രുക്കളാക്കണോ വിശ്വാ?**

* * * * *

വ്യവസായികൾ രാഷ്ട്രീയക്കാരെപ്പോലെ ആകരുതെന്നു മന്ത്രി എളമരം കരീം.

➢ **ഇന്നു ലാഭത്തിലോടുന്ന ഏക ബിസിനസ് രാഷ്ട്രീയമാണെന്നു മന്ത്രിക്കറിയില്ല.**

* * * * *

അധികാരത്തിലെത്തിയാൽ തൊഴിലാളികളെ മറക്കുന്ന സ്വഭാവമാണു മാർക്സിസ്റ്റു പാർട്ടിയുടേതെന്നു യു.ഡി.എഫ്. കൺവീനർ പി.പി.തങ്കച്ചൻ.

➢ **അധികാരത്തിലെത്തുമ്പോഴെങ്കിലും എല്ലാം മറന്നൊന്നുറങ്ങാൻ കഴിഞ്ഞില്ലെങ്കിൽ എന്തു കാര്യം തങ്കച്ചാ?**

* * * * *

തെരഞ്ഞെടുപ്പുവിജയത്തിൽ കോൺഗ്രസിനു മത്തുപിടിച്ചിരിക്കുകയാണെന്നു ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ.

➢ **കോൺഗ്രസിനു മത്തുപിടിച്ചപ്പോൾ കോടിയേരിയുടെ പാർട്ടി നത്തുകുടിച്ചപോലായി.**

* * * * *

തെരഞ്ഞെടുപ്പു പരാജയം, ലാവ്‌ലിൻ തുടങ്ങിയ വിഷയങ്ങളിൽ സി.പി.ഐ കേന്ദ്രനേതൃത്വത്തിനു വീണ്ടും ചാഞ്ചാട്ടം.

*– പത്രറിപ്പോർട്ട്*

➢ **പേടിക്കണ്ട, കുറെ നാളായി ഇടതുമരത്തിൽ പിടിവിടാതെ കെട്ടിപ്പിടിച്ചിരിക്കുന്നു. മടുക്കുമ്പോൾ ചില്ല ഒന്നുപിടിച്ച് മെല്ലെ കുലുക്കും. അത്രയേ ഉള്ളൂ.**

* * * * *

ഒരു വിഭാഗം ഉദ്യോഗസ്ഥരുടെ മേശയ്ക്കടിയിലൂടെ നോട്ടുകെട്ടുകളുമായി കൈ നീങ്ങിയാൽ മാത്രമേ കാര്യങ്ങൾ വേഗത്തിലാകൂ എന്ന അവസ്ഥയാണെന്നു മന്ത്രി സുധാകരൻ.

➢ **മേശയ്ക്കടിയിലൂടെ നിരന്തരം സഞ്ചരിക്കുന്ന ഇത്തരം പാവപ്പെട്ട കൈകളുടെ കഴപ്പു മാറുന്നത്, സുധാകരനെപ്പോലുള്ള നേതാക്കന്മാർക്ക് ഇങ്ക്വിലാബു വിളിക്കുമ്പോഴാണ്.**

* * * * *

സ്മാർട്സിറ്റി പ്രശ്നത്തിൽ വ്യവസായമന്ത്രി എളമരം കരീമിന് യാതൊരു കാര്യവുമില്ലെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ.

➢ **ഒന്നിലും ഒരു കാര്യവുമില്ലന്നേ. ഉള്ള നേരത്തിന് സ്മാർട്ടായി ഇതുപോലെ നാലു ഡയലോഗു കാച്ചിയാൽ അത്രയുമായി.**

* * * * *

അനുസ്മരണം

പി. ആർ

# മേരി ക്യൂറി (1867 – 1934)

## ശാസ്ത്രലോകത്തെ വിപ്ലവനായിക

ശാസ്ത്രനേട്ടങ്ങൾ വ്യക്തിപരമല്ലെന്നും അത് മാനവപുരോഗതിക്കും മാനവസമൂഹത്തിനാകമാനവും അവകാശപ്പെട്ടതാണെന്നും വിശ്വസിച്ച സമാനതകളില്ലാത്ത വിശ്വോത്തര ശാസ്ത്രജ്ഞയായ മേരി ക്യൂറി ഈ ലോകത്തെ തന്റെ കർതവ്യം പൂർത്തിയാക്കി മടങ്ങിപോയിട്ട് ജൂലൈ 4 ന് 75 വർഷം തികയുന്നു.

പോളണ്ടിലെ വാഴ്സയിൽ 1867ൽ അധ്യാപക ദമ്പതികളുടെ ഇളയ മകളായി മേരി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം ഉപരിപഠനത്തിനായി തയ്യാറെടുത്തെങ്കിലും കുടുംബത്തിന്റെ സാമ്പത്തിക പരാധീനത തടസ്സമായി. ഒടുവിൽ ചേച്ചി ബ്രോണിയയെ ഫ്രാൻസിലേക്ക് ആദ്യം ഉപരിപഠനത്തിനായി അയയ്ക്കുവാൻ മാതാപിതാക്കൾ തീരുമാനിച്ചു. പിന്നീട് ആറുവർഷത്തെ ഇടവേളയ്ക്കുശേഷം മാത്രമാണ് മേരിക്ക് തുടർന്നു പഠിക്കാനായത്. 1893ൽ ഗണിതത്തിലും അടുത്ത വർഷം ഭൗതികശാസ്ത്രത്തിലും ബിരുദം നേടി.

ഒരു അധ്യാപികയാവുകയായിരുന്നു മേരിയുടെ ഉദ്ദേശ്യം. എന്നാൽ വിഖ്യാത ശാസ്ത്രജ്ഞനായി തീർന്ന പിയർ ക്യൂറിയുമായുള്ള സൗഹൃദവും ആത്മബന്ധവും മേരിയെ അവിടെത്തന്നെ തുടരുവാൻ പ്രേരിപ്പിച്ചു. 1895 ജൂലൈയിൽ അവർ വിവാഹിതരായി. ശാസ്ത്രവിഷയങ്ങളിലും ഗവേഷണത്തിലുമുള്ള അളവറ്റ ജിജ്ഞാസയും ആഭിമുഖ്യവുമായിരുന്നു ഇരുവരെയും തമ്മിൽ അടുപ്പിച്ചത്. അത് ജീവിതാന്ത്യം വരെ തുടരുകയുമുണ്ടായി.

മേരിയുടെ ജീവിതത്തിലെ വഴിത്തിരിവു തന്നെയായിരുന്നു പിയർ ക്യൂറിയുമായുള്ള സൗഹൃദവും തുടർന്നുള്ള വിവാഹവും. രണ്ടുപേർക്കും താത്പര്യം ഒരേമേഖലയോട്, ആഗ്രഹവും അതേപോലെ.



*മേരി ക്യൂറിയും ഭർത്താവ് പിയർ ക്യൂറിയും ലബോറട്ടറിയിൽ പരീക്ഷണവേളയിൽ*



*മേരി ക്യൂറി*

ഹെന്റി ബെക്വറൽ കണ്ടുപിടിച്ച റേഡിയോ ആക്റ്റിവിറ്റിക്ക് കൂടുതൽ വസ്തുനിഷ്ഠമായ വിശദീകരണം നല്കുവാൻ മേരിക്കായി. ആ പേരു തന്നെ മേരിയുടെ സംഭാവനയാണ്. മേരിയുടെ ഗവേഷണവും പരീക്ഷണങ്ങളും തുടർന്നും ആ മേഖലയിലായിരുന്നു. പുതിയൊരു ശാസ്ത്രയുഗത്തിനുതന്നെ വാതായനങ്ങൾ തുറക്കുകയായിരുന്നു മേരിയും ഒപ്പം പിയറിയും ചെയ്തത്.

ഊർജശാസ്ത്രത്തിലെ വിപ്ലവകരമായ കാലഘട്ടത്തിന് തുടക്കമിടുകയായിരുന്നു അവരിരുവരും. യുറേനിയവും തോറിയവും മാത്രമാണ് അക്കാലത്ത് റേഡിയോ ആക്ടിവിറ്റിയുള്ള മൂലകങ്ങളായി പരിഗണിച്ചിരുന്നത്. എന്നാൽ യുറേനിയത്തിന്റെ അയിരായ പിച്ച്ബ്ലെൻഡിൽ യുറേനിയത്തെക്കാൾ റേഡിയോ ആക്റ്റിവത വളരെ കൂടുതലുള്ള മറ്റൊരു മൂലകം കൂടിയുണ്ടെന്ന് അവർ മനസ്സിലാക്കി. പിന്നെ അത് വേർതിരിച്ചെടുക്കാനുള്ള പ്രയത്നമായിരുന്നു. ഒടുവിൽ അത് വിജയം കണ്ടു. റേഡിയോ ആക്ടീവത യുറേനിയത്തെക്കാൾ അനേകം മടങ്ങ് കൂടുതലുള്ള പുതിയ മൂലകത്തിന് അവർ പൊളോണിയം എന്നുപേരിട്ടു. ഏതാനും മാസങ്ങൾക്കുശേഷം അവർ മറ്റൊരു മൂലകമായ റേഡിയം കൂടി വേർതിരിച്ചെടുത്തു. ഇത് 1903ൽ ഭൗതികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ഇരുവർക്കും നേടിക്കൊടുത്തു.

1904ൽ പിയർ, സോർബോൺ സർവകലാശാലയിൽ ഭൗതികശാസ്ത്ര അധ്യാപകനായി നിയമിതനായി. അക്ഷീണമായ ഗവേഷണങ്ങളും റേഡിയോ ആക്ടീവ് മൂലകങ്ങളിൽനിന്നുമുള്ള മാരകമായ വികിരിണങ്ങൾ മൂലവും പിയറിയുടെ ആരോഗ്യം തീർത്തും ക്ഷയിച്ചിരുന്നു. വേച്ചുവേച്ചാണ് അദ്ദേഹം നടന്നത്. 1906 ഏപ്രിൽ 19ന് പാരീസിൽ റോഡു മുറിച്ചു കടക്കുന്നതിനിടെ കാൽ വഴുതി വീണ്, ഇതിഹാസമായിമാറിയ ആ ശാസ്ത്രജ്ഞന്റെ ജീവൻ പിറകെവന്ന കുതിരവണ്ടിയുടെ ചക്രങ്ങൾക്കിടയിൽ പൊലിഞ്ഞു.

സോർബോണിലെ പിയറിയുടെ അധ്യാപക ജോലി മേരിക്കു ലഭിച്ചു. ദുരന്തങ്ങളും അംഗീകാരങ്ങളും പ്രശസ്തിയും എല്ലാം കൂടി സമ്മിശ്രമായിരുന്നു മേരിയുടെ ജീവിതം. 1911ൽ രണ്ടാമതും മേരിക്ക് നോബൽ സമ്മാനം ലഭിച്ചു. റേഡിയം, പൊളോണിയം എന്നീ മൂലകങ്ങളുടെ കണ്ടെത്തലും അവയുടെ വേർതിരിക്കലുമായിരുന്നു അവാർഡിന് നിദാനം.

മേരിയുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു ഒരു ഗവേഷണശാല ആരംഭിക്കുക എന്നത്. 1912ൽ സോർബോണിൽ ക്യൂറി ലബോറട്ടറി സ്ഥാപിച്ചുകൊണ്ട് ആ ആഗ്രഹവും മേരി നിറവേറ്റി. മാനവസമൂഹത്തിന്റെ മുന്നിൽ ശാസ്ത്രവിജ്ഞാനത്തിന്റെ കൈത്തിരി തെളിച്ച് ആ മഹാവിസ്മയലോകത്തിന്റെ ഉൾക്കാഴ്ചകളിലേക്ക് മാനവരാശിയെ നയിക്കുവാൻ നിയോഗിക്കപ്പെട്ട മേരിയുടെ മഹത്തായ ജീവിതത്തിന് 1934 ജൂലൈ നാലിന് തിരശ്ശീല വീണു.

മേരി ക്യൂറി ശാസ്ത്രലോകത്തെ വിപ്ലവനായിക തന്നെയായിരുന്നു. വ്യക്തിജീവിതത്തിലുണ്ടായ ദുരന്തങ്ങളെയും മറ്റു പ്രതിബന്ധങ്ങളെയും സധൈര്യം തരണം ചെയ്ത് ഉറച്ച കാല്‌വയ്പോടെ മുന്നോട്ടുനീങ്ങിയ മേരി-പിയറി ദമ്പതികളുടെ ജീവിതം തികച്ചും സാർത്ഥകമായിരുന്നു. ശാസ്ത്രജ്ഞരായ ഇവരുടെ മകൾ ഐറീൻ, ഭർത്താവ് ഫെഡറിക് എന്നിവർ 1935ൽ നോബൽ സമ്മാനത്തിന് അർഹരായി.

> **മേരിയുടെ ജീവിതത്തിലെ വഴിത്തിരിവു തന്നെയായിരുന്നു പിയർ ക്യൂറിയുമായുള്ള സൗഹൃദവും തുടർന്നുള്ള വിവാഹവും രണ്ടു പേർക്കും താത്പര്യം ഒരേമേഖലയോട്. ആഗ്രഹവും അതേപോലെ. ഹെന്റി ബെക്വറൽ കണ്ടുപിടിച്ച റേഡിയോ ആക്റ്റിവിറ്റിക്ക് കൂടുതൽ വസ്തുനിഷ്ഠമായ വിശദീകരണം നല്കുവാൻ മേരിയ്ക്കായി. ആ പേരു തന്നെ മേരിയുടെ സംഭാവനയാണ്. തുടർന്നുള്ള മേരിയുടെ ഗവേഷണവും പരീക്ഷണങ്ങളും തുടർന്നും ആ മേഖലയിലായിരുന്നു. പുതിയൊരു ശാസ്ത്രയുഗത്തിനുതന്നെ വാതായനങ്ങൾ തുറക്കുകയായിരുന്നു മേരിയും ഒപ്പം പിയറിയും ചെയ്തത്.**



*എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ഒന്നാംറാങ്ക് നേടിയ ഇടുക്കി എഴുകുംവയൽ സ്വദേശി അരുൺ അലോഷ്യസിനെ റോഷി അഗസ്റ്റിൻ എംഎൽഎ ഉപഹാരം നല്കി ആദരിക്കുന്നു. ബേബി പതിപ്പള്ളി, ജിൻസൺ പൗവ്വത്ത്, ജിൻസൺ വർക്കി, സണ്ണി സ്റ്റേറിൽ, ജെയിംസ് വേണ്ടാനത്ത് എന്നിവർ സമീപം.*

CYAN MAGENTA YELLOW BLACK



പുനരാഖ്യാനം

**മഹാഭാരതം -24**

**സവ്യസാചി**

# പാഞ്ചാലീസ്വയംവരം

സഹോദരൻ ധൃഷ്ടദ്യുമ്നനോടൊപ്പം പാഞ്ചാലി സ്വയംവര മണ്ഡപത്തിലെത്തിച്ചേർന്നതോടെ ജനങ്ങൾ പുറത്ത് ആർപ്പുവിളിച്ചു നിന്നു. തിക്കും തിരക്കും ഏറിയതുകൊണ്ട് പാണ്ഡവർ അമ്മ കുന്തിയെ നഗരത്തിൽ അവർക്ക് താമസിക്കാൻ കിട്ടിയ കുശവന്റെ ഗൃഹത്തിലേക്കയച്ചു. സ്വയംവരമഹോത്സവം കഴിഞ്ഞ് ഭിക്ഷയും വാങ്ങി തങ്ങൾ വന്നുകൊള്ളാമെന്ന് അവർ അമ്മയെ അറിയിക്കുകയും ചെയ്തു.

പാഞ്ചാലിയുടെ സൗന്ദര്യാതിരേകത്തിൽ കണ്ണഞ്ചിപ്പോയ രാജാക്കന്മാർ കൊതിപൂണ്ടിരിക്കുമ്പോൾ ധൃഷ്ട ദ്യുമ്നൻ ഇങ്ങനെ വിളിച്ചു പറഞ്ഞു:

ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് എന്റെ സഹോദരിയെ വിവാഹം ചെയ്യാൻ എത്തിയിരിക്കുന്ന വീരന്മാരേ, ഇവിടെ ഒരു വീരപരീക്ഷയുണ്ട്. അതിൽ വിജയിക്കുന്നവന്റെ കഴുത്തിലേ എന്റെ ഈ സഹോദരി വരണമാല്യം ചാർത്തുകയുള്ളൂ. ഇതാ ഇവിടെ വച്ചിരിക്കുന്ന വില്ലും അമ്പുകളും കണ്ടാലും. ദാ, അകലെ ആകാശത്തിൽ സ്ഥാപിച്ചിരിക്കുന്ന അസ്ത്രവിദ്യാപരീക്ഷായന്ത്രം. കറങ്ങിക്കൊണ്ടിരിക്കുന്ന ആ യന്ത്രത്തിന്റെ പാർശ്വത്തിലുള്ള സുഷിരത്തിൽ കൂടി അമ്പുകൾ എയ്ത് ലക്ഷ്യം ഭേദിക്കണം. അതാണു പരീക്ഷ. അസ്ത്രവീരന്മാരായ നിങ്ങൾക്കു സ്വാഗതം".

ധൃഷ്ടദ്യുമ്നൻ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ രാജാക്കന്മാർ തങ്ങളുടെ ഇരിപ്പിടങ്ങളിൽ അമർന്നിരുന്നും എഴുന്നേറ്റു നിന്നും കൈകാലുകൾ കുടഞ്ഞും മപ്പടിച്ചും അസ്ത്രപ്രയോഗസജ്ജരായി.

പക്ഷേ, പരീക്ഷ അവർ കരുതിയതുപോലെ ആയാസരഹിതമായിരുന്നില്ല. കൃഷ്ണയുടെ അഴകേറിയ രൂപം മനസ്സിലോർത്തു വില്ലെടുത്തവർ ഓരോരുത്തരായി നാണം കെട്ട് മടങ്ങി. പേരെടുത്ത വീരന്മാരായ ശിശുപാലനും ജരാസന്ധനും ശല്യരും മുട്ടുമടക്കി. ദുര്യോധനനും ഒരു കൈനോക്കി നാണം കെട്ടു. അവരൊക്കെ ഇളിഭ്യരായി സ്ഥലംവിടാനൊരുങ്ങുന്നതിനിടയിൽ കർണൻ കനത്ത ചുവടുവയ്പുകളുമായി വില്ലു വച്ചിരിക്കുന്ന മണ്ഡപത്തിലേക്കു നീങ്ങി. ധൃഷ്ടദ്യുമ്നൻ അപ്പോൾ പെങ്ങളോടു പറഞ്ഞു:

ആ വരുന്നത് വീരാധി വീരനായ കർണനാണ്. അംഗരാജ്യാധിപൻ. കൗരവസുഹൃത്ത്. ഇന്ദ്രനെപ്പോലെ പരാക്രമിയും സൂര്യനെപ്പോലെ തേജസ്വിയും.

അപ്പോൾ കൃഷ്ണ പറഞ്ഞു: ഏട്ടാ, അയാൾ സൂതപുത്രനല്ലേ? അയാളെ ഞാൻ സ്വയംവരം ചെയ്യുകയില്ല.

പെട്ടെന്നു ധൃഷ്ടദ്യുമ്നൻ കർണനെ തടഞ്ഞുപറഞ്ഞു: കർണാ, വേണ്ട. താങ്കൾ പരീക്ഷയിൽ ജയിച്ചാലും സൂതപുത്രനായതുകൊണ്ട് താങ്കളെ വരിക്കില്ലെന്നു കൃഷ്ണ പറയുന്നു. താങ്കൾ ക്ഷമിച്ചാലും.

അതുകേട്ട് നാണിച്ച് തലതാഴ്ത്തിയ കർണൻ നിശ്ശബ്ദനായി വേദിവിട്ടു. പെട്ടെന്ന് എങ്ങും മൂകത വ്യാപിച്ചു. കൃഷ്ണയുടെ സ്വയംവരം മുടങ്ങുമോ? നാമറിയുന്ന രാജ്യങ്ങളിലൊന്നും ഈ വില്ലെടുത്ത് കുലയ്ക്കാൻ പോന്ന ഒരു വിരനില്ലെന്നോ? ഓരോരുത്തരും തമ്മിൽ തമ്മിൽ പറഞ്ഞു.

അപ്പോൾ കാഴ്ചക്കാരായി നിന്ന ബ്രാഹ്മണർക്കിടയിൽ നിന്ന് ഒരാൾ മുന്നോട്ടു വന്നു.'ഞാനൊന്നു ശ്രമിക്കട്ടെ?' അയാൾ ധൃഷ്ടദ്യുമ്നനോട് ചോദിച്ചു. ബ്രാഹ്മണവേഷത്തിനുള്ളിൽ ജ്വലിക്കുന്ന ക്ഷത്രിയവീര്യം തിരിച്ചറിഞ്ഞിട്ടെന്നപോലെ ധൃഷ്ടദ്യുമ്നൻ പറഞ്ഞു: ഹേ, ബ്രാഹ്മണ കുമാരാ, ക്ഷത്രിയവീരന്മാർ തോറ്റുമടങ്ങിയിടത്തു നിങ്ങൾ ജയിക്കുമെന്നോ? ക്ഷത്രിയ കുമാരിമാർക്ക് ബ്രാഹ്മണനെ വരിച്ചുകൂടെന്നില്ല. നിങ്ങൾ ശ്രമിച്ചുനോക്കൂ. വിജയിച്ചാൽ എന്റെ പെങ്ങൾ നിങ്ങളുടെ കഴുത്തിൽ മാല ചാർത്തും.

മുന്നോട്ടുവന്ന കുമാരനെ കൃഷ്ണയും ശ്രദ്ധിച്ചു. അവളുടെ മനസ്സിൽ ഒരു മിന്നലുണ്ടായി. ഇയാളെങ്ങനെ ബ്രാഹ്മണനാകും? ആ തേജസ്സും പ്രസാദവും ഒരു ക്ഷത്രിയവീരന്റേതാണല്ലോ? കണ്ടിട്ട് എനിക്കെന്തോ ഒരു സംശയം. അവൾ ഉള്ളിൽ പറഞ്ഞു. പിന്നെ ബ്രാഹ്മണവേഷധാരിയായ അർജുനനെ അടിമുടി കണ്ണാലുഴിഞ്ഞു.

അർജുനൻ വില്ലിനടുത്തേക്ക് നീങ്ങി. കുടുമ വച്ച ബ്രാഹ്മണകുമാരനെ കണ്ടു ബ്രാഹ്മണർക്കുപോലും ചിരിപൊട്ടി. ഈ ചെറുപ്പക്കാരനാര്? ക്ഷത്രിയവീരന്മാർ തോറ്റിടത്ത് ബ്രാഹ്മണകുമാരൻ നാണം കെടാൻ വരുന്നോ? സിംഹം തോറ്റിടത്ത് ചുണ്ടെലി വിജയിക്കുമെന്നോ? നമ്മുടെ കുലത്തിനു തന്നെ നാണക്കേടുണ്ടാക്കാനാണു ചിലരുടെ പുറപ്പാട്. ക്ഷത്രിയർ നമ്മളെ മുഴുവൻ പരിഹസിക്കില്ലേ? അവർ പരസ്പരം പിറുപിറുത്തു.

അർജുനൻ ശ്രീകൃഷ്ണനെ മനസ്സിൽ ധ്യാനിച്ചു. ഒരു നിമിഷം തനിക്കെല്ലാമായ അമ്മയെ ഓർത്തു. കണ്ണുകളുയർത്തി ലക്ഷ്യം നോക്കി. ആകാശത്തിൽ കറങ്ങുന്ന യന്ത്രം. എവിടെനിന്നോ ശക്തി കൈകളിലേക്കു കുതിച്ചെത്തുന്നു. സിരകളിൽ ആവേശം പടരുന്നു. വില്ലുകൈയിലെടുത്തു കുലയ്ക്കുന്നതിനിടയിൽ ആർപ്പുവിളികൾ മുഴങ്ങിയതൊന്നും പാർത്ഥൻ അറിഞ്ഞതേയില്ല. ഒരു നിമിഷം കണ്ണുകളടച്ചപ്പോൾ ഉള്ളിന്റെയുള്ളിൽ അസ്ത്രങ്ങൾ പാഞ്ഞുകയറേണ്ട ലക്ഷ്യം മാത്രം തെളിഞ്ഞു. ആളുകൾ എന്തു സംഭവിക്കുന്നു എന്നു വിസ്മയസ്തബ്ധരായി നോക്കിനില്ക്കുന്നതിനിടയിൽ ഇടിവെട്ടുപോലെ ഞാണൊലി മുഴങ്ങി. അടുത്ത നിമിഷം അർജുനബാണങ്ങൾ ചീറിപ്പാഞ്ഞു. അതിന്റെ ആഘാതത്തിൽ അമ്പുകൾ കടന്നുപോയ യന്ത്രം അപ്പാടെ തകർന്നു താഴെവീണു.



**പൂത്ത നിലാവുപോലെ തെളിഞ്ഞ പാഞ്ചാലി അർജുനകണ്ഠത്തിൽ സ്വയംവരമാല്യം ചാർത്തി ലജ്ജയിൽ കുതിർന്നു നിന്നു.**

പിന്നെയുണ്ടായതു ദിക്കുകൾ നടുങ്ങുന്ന കൈയടികളും ആരവങ്ങളുമായിരുന്നു. തോറ്റുമടങ്ങിയ രാജാക്കന്മാർ എന്താണു സംഭവിച്ചതെന്നറിയാതെ സ്തബ്ധരായി നില്ക്കുന്നതിനിടയിൽ പൂത്ത നിലാവുപോലെ തെളിഞ്ഞ പാഞ്ചാലി അർജുനകണ്ഠത്തിൽ സ്വയംവരമാല്യം ചാർത്തി ലജ്ജയിൽ കുതിർന്നു നിന്നു.

ദ്രുപദ രാജാവും രാജ്ഞിയും മകളെ ആശ്ലേഷിച്ചു. മകളുടെ ഭർത്താവിനെ അനുഗ്രഹിച്ചു. എല്ലാം തികഞ്ഞവൻ. അവർ മനസ്സിൽ പറഞ്ഞു.

പക്ഷേ, രംഗം പെട്ടെന്ന് ക്ഷുഭിതമായി. രാജാക്കന്മാർ താഴെ വീണുകിടന്ന പോരുകോഴികളെപ്പോലെ ചാടിയെണീറ്റു. തങ്ങൾ ക്ഷത്രിയരെ വിളിച്ചുവരുത്തി അപമാനിച്ചിട്ട് മകളെ ബ്രാഹ്മണനു കൊടുക്കുകയോ? ഇതിനു ഞങ്ങൾ അസ്ത്രങ്ങൾകൊണ്ട് മറുപടി പറയാം.

എല്ലാവരും രോഷം പൂണ്ടു വില്ലുകുലച്ചു നില്ക്കുമ്പോൾ ദ്രുപദൻ ശാന്തനായി പറഞ്ഞു:രാജാക്കന്മാരേ ക്ഷമിക്കുവിൻ. എന്റെ മകളെ ആർക്ക് കൊടുക്കണമെന്ന് ഞാൻ നിശ്ചയിച്ചിരുന്നില്ല. ശസ്ത്രപരീക്ഷയിൽ ജയിച്ചു രാജകുമാരിമാരെ നേടുന്നത് ക്ഷത്രിയ വീരധർമം. അതിനു ഞാൻ അവസരം തന്നു. പക്ഷേ, നിങ്ങൾ പരീക്ഷയിൽ തോറ്റു. ജയിച്ചവൻ പെണ്ണിനെ വേട്ടു. ഇതിലെന്താണനീതി?

നീതിയും അനീതിയും ഞങ്ങൾക്ക് പ്രശ്നമല്ല, ദ്രുപദാ. രാജാക്കന്മാർ ഒരുമിച്ചു പറഞ്ഞു. നിങ്ങളും ഈ നില്ക്കുന്ന ബ്രഹ്മണകുമാരനും ഞങ്ങളെ അപമാനിച്ചിരിക്കുകയാണ്. അവൻ ഞങ്ങളെക്കൂടി ജയിച്ചിട്ട് പെണ്ണിനെയും കൊണ്ടു പോയാൽ മതി.

ഇത്രയുമായപ്പോൾ അർജുനൻ കലികൊണ്ടു. രാജാക്കന്മാരെ നോക്കി ഇങ്ങനെ വെല്ലുവിളിച്ചു: പരീക്ഷയിൽ തോറ്റു നാണംകെട്ട ഭീരുക്കളെ, നിങ്ങൾ പെൺകൊതി കൊണ്ടു നിലവിളിക്കുന്ന മന്ദന്മാരാണ്. ഞാനിതാ തയ്യാർ. എന്റെ അസ്ത്രങ്ങളെ തടുക്കാൻ കഴിയുമെങ്കിൽ തടുത്തോളൂ.

പെട്ടെന്ന് ആൾക്കൂട്ടത്തിൽ നിന്ന് ഭീമൻ മുന്നോട്ടു ചാടി. അടുത്തു നിന്നിരുന്ന ഒരു മരം പറിച്ചുകൈയിലെടുത്ത് വീശിക്കൊണ്ടയാൾ അലറി. എന്റെ സഹോദരനെതിരെ കൈപൊക്കുന്നവനെ ഈ മരംകൊണ്ടു ഞാൻ അടിച്ചുതകർക്കും. കാലപുരിക്കു പോകാൻ ധൃതിയുള്ളവർക്ക് മുന്നോട്ടുവരാം.

അർജുനാസ്ത്രങ്ങൾ ചീറിപ്പായുന്നതിനിടയിൽ വില്ലുകൾ ഒന്നൊന്നായി മുറിഞ്ഞു. പോർച്ചട്ടകൾ കീറി ചോരയൊഴുകി. രാജാക്കന്മാർ ഉരുണ്ടും പിരണ്ടും ചാടിയെഴുന്നേറ്റും ജീവനും കൊണ്ടോടി. കുലപർവതം പോലെ കലികൊണ്ടു മരം വീശിയതിനിടയിൽ എത്രപേർ ഒടിഞ്ഞും മുറിഞ്ഞും വീണെന്നാർക്കുമറിയില്ല. ജീവനിൽ കൊതിയുള്ളവരാരും അവിടെ നില്ക്കാൻ തുനിഞ്ഞില്ല. ക്ഷണനേരംകൊണ്ടു കൊട്ടാരപരിസരം വിജനമായി.

എല്ലാം ശാന്തമായപ്പോൾ അർജുനനും സഹോദരന്മാരും രാജാവിന്റെയും രാജ്ഞിയുടെയും അനുഗ്രഹാശ്ശിസ്സുകളോടെ തങ്ങളുടെ വാസസ്ഥലത്തേക്കു യാത്രയായി.

എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ദ്രുപദൻ മകനെ വിളിച്ചു പറഞ്ഞു: ധൃഷ്ടദ്യുമ്നാ, എനിക്കൊരു സംശയം. അവർ ബ്രാഹ്മണരല്ല. എല്ലാവരും ക്ഷത്രിയ ലക്ഷണം തുളുമ്പുന്ന തേജസ്വികൾ. നീ രഹസ്യമായി അവരെ പിന്തുടരണം. ആരുമറിയരുത്. അവരെപ്പറ്റിയുള്ള വിശദവിവരങ്ങൾ അറിഞ്ഞുവരണം.

*(തുടരും)*

CYAN MAGENTA YELLOW BLACK